തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ

17 (*707) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രഖ്യാപനം നടപ്പാക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(ഡി) 2014-15-ലെ ബഡ്ജറ്റിൽ ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) 2012-13 സാമ്പത്തികവർഷത്തിൽ ഒറ്റയ്ക്ക് 100 ദിവസം പൂർത്തീകരിച്ച മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് കേന്ദ്ര സർക്കാരിന്റെ സ്വാവലംബൻ പദ്ധതിയുമായി സംയോജിപ്പിച്ച് പെൻഷൻ നടപ്പിലാക്കുമെന്ന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്നു.

(ബി) പരിഗണനയിൽ ഇല്ല.

(സി) പദ്ധതി പരിഗണനയിൽ ഇല്ല.

(ഡി) ഇല്ല.

പാർട്ട്ണർ കേരള മിഷൻ

18 (*708) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നിബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാർട്ട്ണർ കേരള മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് നടന്ന പാർട്ട്ണർ കേരള സംഗമത്തിൽ അവതരിപ്പിച്ച പദ്ധതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കാനും നഗരസഭകൾക്ക് മാർഗ്ഗനിർദ്ദേശം നൽകാനും എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്. 2014 ഫെബ്രുവരിയിൽ സംഘടിപ്പിച്ച പാർട്ണർ കേരള നിക്ഷേപക സംഗമത്തിൽ പങ്കെടുത്ത പ്രാദേശിക സർക്കാർ നേതൃത്വത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും നിക്ഷേപകരുടെയും താത്പര്യങ്ങൾ ക്രോഡീകരിച്ച് നിക്ഷേപ സംഗമത്തിന്റെ തുടർച്ചയായി സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. വലിയ മുതൽ മുടക്കുള്ള പ്രോജക്ടുകളുടെ പരിപാലനവും തുടർനടത്തിപ്പും വരുമാനം ഷെയർ ചെയ്യുന്നത് സംബന്ധിച്ച ദീർഘകാലാടിസ്ഥാനത്തിലുള്ള സംവിധാനം ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ പാർട്ണർ കേരള മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചു.

(ബി) പ്രാദേശിക സർക്കാരുകളിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്ന സേവനത്തിന്റെ അളവും ഗുണനിലവാരവും ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒത്തവിധം ഉയർത്താൻ തക്കവണ്ണം സ്വകാര്യമൂലധന പൊതു ആവശ്യങ്ങൾക്കായി കർക്കശമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കരാർ പ്രകാരം പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശം.

(സി) നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഫണ്ട് സർക്കാരിനും നഗരസഭകൾക്കുംകൂടി യഥാസമയം കണ്ടെത്തുവാൻ ബുദ്ധിമുട്ടായതിനാൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രാദേശിക സർക്കാരുകളുടെ വരുമാന വർദ്ധനവിനും തദ്വാര ജനങ്ങൾക്ക് ലഭിക്കുന്ന വിവിധങ്ങളായ സേവനങ്ങളുടെ അളവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പാർട്ണർ കേരള മിഷൻ ഒരു ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും പ്രാദേശിക സർക്കാരുകളുടെ ഭൂമിയിൽ അതതുപ്രദേശത്തിന് അനുയോജ്യവും ആവശ്യമുള്ളതും സ്വയം പര്യാപ്തവുമായ പദ്ധതികൾ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നത് സംബന്ധിച്ച നയപരവും ഭരണപരവും ധനപരവും സാങ്കേതികവുമായ പിന്തുണ ഇതിലൂടെ ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) നിക്ഷേപക സംഗമത്തിന്റെ ശിപാർശകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് 20-6-2014-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly